**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 830** **06-12-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പ് ആധുനികവൽകരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലോചിതമായി നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>1.സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ<br><br>2.ആധാരം രജിസ്ട്രേഷനായി ഹാജരാക്കുന്ന ദിവസം തന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് ആധാരം തിരികെ നല്കുന്നതിനുള്ള നടപടികൾ<br><br>3.ആധാര രജിസ്ട്രേഷന്റെ ഭാഗമായുള്ള വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ തന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടികൾ.<br><br>4.ആധാര മാതൃകകൾ ലളിതവൽക്കരിച്ച് കൊണ്ട് കമ്പ്യൂട്ടർ മുഖാന്തിരം തന്നെ ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം<br><br>5.എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും തടസ്സം കൂടാതെയുള്ള ഇന്റർനെറ്റ് സൗകര്യങ്ങൾക്കായി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ<br><br>6.സബ് രജിസ്ട്രാർ ഓഫീസുകളിലെ മുൻ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ<br><br>7.എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സി.സി.റ്റി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.<br><br>8.രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ഓഫീസിലും ജില്ലാ രജിസ്ട്രാർ ഓഫീസിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 9.ഒരു ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർചെയ്യുവാൻ കഴിയുന്ന എനിവെയർ രജിസ്ട്രേഷൻ സൗകര്യം.<br><br>10.ആധാരപ്പകർപ്പുകൾ ഡിജിറ്റൽ ഒപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം.<br><br>11. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം |
| (ബി) | സംസ്ഥാനത്തെ ഏതൊക്കെ രജിസ്ട്രാർ ഓഫീസുകളാണ് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തി നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിച്ചു വരുന്നു. നാളിതുവരെ കോംപാക്ടറുകൾ സ്ഥാപിച്ച ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>IGR Office<br>SRO Palakkad<br>SRO Nedumangad<br>SRO Pattom<br>SRO Thrikkakkara<br>SRO Alappuzha<br>SRO Venganoor<br>SRO Adoor<br>SRO Ranni<br>SRO SulthanBathery<br>SRO Thrissur<br>SRO Kottakkal<br>SRO Manjeri<br>SRO Rajapuram<br>SRO Karunagapally (Prl)<br>SRO Mannar<br>SRO Vaikom<br>SRO Rajakumari<br>SRO Ollukkara<br>SRO Koduvayur<br>SRO Perinthalmanna<br>SRO Kakkodi<br>SRO Kannur<br>SRO Alangad<br>SRO Manjeswaram<br>SRO Badiaduka<br>SRO Chithara |

| | | | |
|---|---|---|---|
| | | | SRO Irinjalakkuda<br>SRO Kozhenchery<br>SRO Kondotty<br>SRO Makkaraparamba<br>SRO Vadakkencherry<br>SRO Kattakkada<br>SRO Kattappana<br>SRO Thenjipalam<br>SRO Perambra<br>SRO Kunnamkulam<br>SRO Pazhayannur<br>SRO Kalpakanchery<br>SRO Cherpulassery<br>SRO Thrithala<br>SRO Tanur<br>SRO Akkikavu<br>SRO Vithura<br>SRO Kanjiramkulam<br>SRO Kanyakulangara<br>SRO Navaikulam<br>SRO Mararikkulam<br>SRO Thopramkudi<br>SRO Thodupuzha<br>SRO Udumbanchola<br>SRO Kuttippuram<br>SRO Payyoli<br>SRO Naduvannur<br>SRO Chelannur<br>SRO Thaliparamba |
| (സി) | നിലവിൽ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ എത്ര രജിസ്ട്രാർ ഓഫീസുകളാണ് ഉള്ളതെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (സി) | ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 സബ് രജിസ്ട്രാർ ഓഫീസുകളിൽ റിക്കോർഡ് മുറികൾ നവീകരിക്കുന്നതിനായി കോംപാക്ടറുകൾ സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകുക ഉണ്ടായി. കെട്ടിട നിർമ്മാണം പൂർത്തിയായ 10 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് റിക്കോർഡ് മുറികൾ നവീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ